روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com

# വീടും മര്യാദകളും

26/02/2021

بسم الله الرحمن الرحيم

വീടിന് വലിയ പ്രധാന്യം കൽപ്പിക്കുന്നവരാണ് നാം.
സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം മാറ്റി വെക്കുന്നത് വീടിന് വേണ്ടിയാണ്.
വീട് സമാധനത്തിന്റെ കേന്ദ്രമാണ്.

وَاللَّهُ جَعَلَ لَكُم مِّن بُيُوتِكُمْ سَكَنًا" (النحل:٨٠)

**വഹ് യ ലഭിച്ച നബി (സ്വ) ഭയന്നു വിറച്ചു ഓടിയത് വീട്ടിലേക്കായിരുന്നു.**

സ്ത്രീകൾക്ക് മാതൃക എന്നു പഠിപ്പിച്ച മഹതിയാണ് ആസ്യ.

عنْ أَبِي مُوسَى عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: كَمُلَ مِنَ الرِّجَالِ كَثِيرٌ وَلَمْ يَكْمُلْ مِنَ النساءِ إِلا مريمُ بنتُ عِمْرَانَ وَآسِيَةُ امْرَأَةُ فِرْعَوْنَ وَفَضْلُ عَائِشَةَ عَلَى النِّسَاءِ كَفَضْلِ الثَّرِيدِ عَلَى سَائِرِ الطَّعَامِ) (مُتَّفَقٌ عَلَيْهِ)

**ആസ്യ ബീവി അല്ലാഹുവോട് ചോദിച്ച ചോദ്യം സ്വർഗത്തിലെ വീട്**

وَضَرَبَ اللَّهُ مَثَلًا لِلَّذِينَ آمَنُوا امْرَأَتَ فِرْعَوْنَ إِذْ قَالَتْ رَبِّ ابْنِ لِي عِنْدَكَ بَيْتًا فِي الْجَنَّةِ وَنَجِّنِي مِنْ فِرْعَوْنَ وَعَمَلِهِ وَنَجِّنِي مِنَ الْقَوْمِ الظَّالِمِينَ (تحريم:١١)

**വീട് സൌഭാഗ്യമാണ്.**

أَرْبَعٌ مِنَ السَّعَادَةِ: الْمَرْأَةُ الصَّالِحَةُ، وَالْمَسْكَنُ الْوَاسِعُ، وَالْجَارُ الصَّالِحُ، وَالْمَرْكَبُ الْهَنِيءُ، وَأَرْبَعٌ مِنَ الشَّقَاوَةِ: الْجَارُ السُّوءُ، وَالْمَرْأَةُ السُّوءُ، وَالْمَسْكَنُ الضِّيقُ، وَالْمَرْكَبُ السُّوءُ (ابن حبان)

നാലു കാര്യങ്ങൾ സൗഭാഗ്യമാണ്. സ്വാലിഹത്തായ ഭാര്യ, വിശാലാമയ പാർപ്പിടം, നല്ല അയൽവാസി, ധന്യമായ വാഹനം. നാലു കാര്യങ്ങൾ ദൗർഭാഗ്യവുമാണ്. ചീത്ത അയൽ വാസി, ദുഷിച്ച ഭാര്യ, ഇടുങ്ങിയ പാർപ്പിടം, മോശമായ വാഹനം.

**യാത്ര കഴിഞ്ഞാൽ പെട്ടന്നു വീട്ടിലേക്ക് മടങ്ങുക.**

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ السَّفَرُ قِطْعَةٌ مِنْ الْعَذَابِ يَمْنَعُ أَحَدَكُمْ نَوْمَهُ وَطَعَامَهُ وَشَرَابَهُ فَإِذَا قَضَى أَحَدُكُمْ نَهْمَتَهُ مِنْ سَفَرِهِ فَلْيُعَجِّلْ الرُّجُوعَ إِلَى أَهْلِهِ (بخاري)

ആശയം;- യാത്ര ശിക്ഷയുടെ ഒരു കഷ്ണമാണ്. ഉറക്കം, ഭക്ഷണം, പാനീയം എല്ലാം യാത്ര മുറിച്ചു കളയും. യാത്രയുടെ ലക്ഷ്യം പൂർത്തിയായാൽ എത്രയും പെട്ടന്ന് കുടുംബത്തിലേക്ക് (വീട്ടിലേക്ക്) മടങ്ങട്ടെ.

**വീട്ടിൽ പാലിക്കേണ്ട മര്യാദകൾ നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.**

1. **വീട്ടിൽ പ്രവേശിക്കുമ്പോൾ ബിസ്മി ചൊല്ലുക.**

إذَا وَلَجَ الرَّجُلُ بَيْتَهُ فَلْيَقُلْ اللَّهُمَّ إنِّي أَسْأَلُكَ خَيْرَ الْمَوْلَجِ وَخَيْرَ الْمَخْرَجِ ، بِاسْمِ اللهِ وَلَجْنَا وَبِاسْمِ اللهِ خَرَجْنَا وَعَلَى اللهِ رَبِّنَا تَوَكَّلْنَا ، (شعيب الأرنؤوط (ت ١٤٣٨)، تخريج زاد المعاد ٣٤٨/٢ إسناده صحيح)

**ബിസ്മി ചൊല്ലിയാലുള്ള മഹത്വം**

عَنْ جَابِرِ بْنِ عَبْدِ اللهِ، أَنَّهُ سَمِعَ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: (إِذَا دَخَلَ الرَّجُلُ بَيْتَهُ، فَذَكَرَ اللهَ عِنْدَ دُخُولِهِ وَعِنْدَ طَعَامِهِ، قَالَ الشَّيْطَانُ: لَا مَبِيتَ لَكُمْ، وَلَا عَشَاءَ، وَإِذَا دَخَلَ، فَلَمْ يَذْكُرِ اللهَ عِنْدَ دُخُولِهِ، قَالَ الشَّيْطَانُ: أَدْرَكْتُمُ الْمَبِيتَ، وَإِذَا لَمْ يَذْكُرِ اللهَ عِنْدَ طَعَامِهِ، قَالَ: أَدْرَكْتُمُ الْمَبِيتَ وَالْعَشَاءَ (سنن أبي داود)

ഒരാൾ വീട്ടിൽ പ്രവേശിക്കുകയും പ്രവേശിക്കുന്ന സമയത്തും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്താൽ പിശാച് പറയും (തന്റെ അനുയായികളോട്) നിങ്ങൾക്ക് രാത്രി താമസമോ, ഭക്ഷണമോ ഇല്ല. എന്നാൽ അയാൾ വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിച്ചിട്ടില്ലെങ്കിൽ പിശാച് പറയും നിങ്ങൾക്ക് രാത്രി താമസം ലഭിച്ചു. ഭക്ഷണം കഴിക്കുമ്പോൾ അല്ലാഹുവിനെ സ്മരിച്ചിട്ടില്ലെങ്കിൽ പിശാച് പറയും നിങ്ങൾക്ക് രാത്രി ഭക്ഷണവും താമസവും ലഭിച്ചു.

**2. വീട്ടിൽ നിന്നും പുറത്തു പോകുമ്പോൾ ചൊല്ലേണ്ടത്.**

അനസ് (റ) വിൽ നിന്നും നിവേദനം.

مَنْ قَالَ إِذَا خَرَجَ مِنْ بَيْتِهِ: بِسْمِ اللهِ، تَوَكَّلْتُ عَلَى اللهِ، لا حَوْلَ وَلا قُوَّةَ إِلاَّ بِاللهِ. يُقَالُ لَهُ حِينَئِذٍ: كُفِيتَ وَوُقِيتَ وَ هُدِيتَ، وَتَنَحَّى عَنْهُ الشَّيْطَانُ، فَيَقُولُ لِشَيْطَانٍ آخَر، كَيْفَ لَكَ بِرَجُلٍ قَدْ هُدِيَ وَكُفِيَ وَوُقِيَ. (أبو داود)

ഒരാൾ വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ

بِسْمِ اللهِ، تَوَكَّلْتُ عَلَى اللهِ، لا حَوْلَ وَلا قُوَّةَ إِلاَّ بِاللهِ

എന്നു പ്രാർത്ഥിച്ചാൽ, അന്നേരം അയാളോട് പറയപ്പെടും, (മറ്റുള്ളവരുടെ തിന്മയിൽ നി ന്ന്) നീ തടയപ്പെട്ടു, നീ സംരക്ഷിക്കപ്പെട്ടു. നീ സന്മാർഗം സിദ്ധിച്ചവനായി. പിശാച് അവനിൽ നിന്ന് അകന്നു നിൽക്കും. എന്നിട്ട് മറ്റൊരു പിശാചിനോട് പറയും: നീ എങ്ങിനെ ഒരാളിലേക്ക് ചെല്ലും ? തീർച്ചയായും അയാൾക്ക് സന്മാർഗം സിദ്ധിച്ചിരിക്കുന്നു, മറ്റുള്ളവരിൽ നിന്നുള്ള തിന്മ അയാ ൾക്ക് തടയപ്പെട്ടിരിക്കുന്നു, അയാൾ സംരക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

**3. വീട്ടിൽ പ്രവേശിക്കുമ്പോൾ സലാം പറയുക.**

ثُمَّ لِيُسَلِّمَ عَلَى أَهْلِهِ.

قال النووي رحمه الله : يُستحبّ أن يقول إذا دخلَ بيتَه: با سم الله، وأن يكثرَ من ذكر الله تعالى، وأن يسلّمَ سواء كان في البيت آدميّ أم لا، لقول الله تعالى: (فإِذَا دَخَلْتُمْ بُيُوتاً فَسَلِّمُوا على أَنْفُسِكُمْ تَحِيَّةً مِنْ عِنْدِ اللهِ مُبَارَكَةً طَيِّبَةً) النور ٦١)

ഇമാം നവവി (റഹി) പറഞ്ഞു; വീട്ടിൽ പ്രവേശിക്കുമ്പോൾ ബിസ്മില്ലാ എന്നു പറയുകയും ദിക്റ് വർദ്ധിപ്പിക്കുകയും വീട്ടിൽ മനുഷ്യർ ഉണ്ടെങ്കിലും ഇല്ലെങ്കിലും സലാം പറയുകയും ചെയ്യൽ സുന്നത്താണ്. അല്ലാഹു പറഞ്ഞു (സൂറത്തു ന്നൂറിലെ 61 മത്തെ ആയത്ത്)

**4. പല്ല് തേക്കുക.**

سَأَلْتُ عَائِشَةَ، قُلْتُ: بِأَيِّ شَيْءٍ كَانَ يَبْدَأُ النَّبِيُّ ﷺ إِذَا دَخَلَ بَيْتَهُ؟ قَالَتْ: بِالسِّوَاكِ. (صحيح النسائي)

നബി (സ്വ) വീട്ടിൽപ്രവേശിക്കുമ്പോൾ എന്തു കൊണ്ടായിരുന്ന തുടങ്ങിയിരുന്നത്. ആയിശ (റ) പറഞ്ഞു; പല്ല് തേച്ചു കൊണ്ട്.

**5. ദിക്റെടുക്കുന്ന വീട്**

അബൂമൂസ (റ) വിൽ നിന്ന് നിവേദം നബി (സ്വ) പറഞ്ഞു;

عن أبي موسى الأشــعري : مَثَلُ البَيْتِ الَّذِي يُذْكَرُ اللَّهُ فِيهِ وَالبَيْتِ الَّذِي لا يُذْكَرُ اللَّهُ فِيهِ مَثَلُ الحَيِّ وَالمَيِّت. (البخاري)

അല്ലാഹുവിനെ സ്മരിക്കുന്ന വീടിന്റെയും സ്മരിക്കാത്ത വീടിന്റെയും ഉപമ ജീവിച്ചിരിക്കുന്നവന്റെയും മരണപ്പെട്ടവന്റെയും ഉപമ പോലെയാണ്.

❖ **ദിക്റുകൾ ചൊല്ലാൻ പഠിപ്പിച്ച മേഖലകൾ**

ബാത്റൂമിൽ പ്രവേശിക്കുമ്പോൾ.
ഉറക്കവുമായി ബന്ധപ്പെട്ട ദിക്റുകളും ദുആകളും
വീട്ടിൽ പ്രവേശിക്കുമ്പോഴും പുറത്തു പോകുമ്പോഴും
ഭര്യ ഭർതൃ ബന്ധത്തിന്റെ സന്ദർഭത്തിൽ

**6. ക്വുർആൻ പാരായണം ചെയ്യപ്പെടുന്ന വീട്**

അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം നബി (സ്വ) പറഞ്ഞു;

عن أبي هريرة: لا تَجْعَلُوا بُيُوتَكُمْ مَقابِرَ، إنَّ الشَّيْطانَ يَنْفِرُ مِنَ البَيْتِ الذي تُقْرَأُ فيه سُورَةُ البَقَرَةِ. (مسلم )

നിങ്ങൾ നിങ്ങളുടെ വീടുകളെ മഖ്ബറകളാക്കരുത്. നിശ്ചയം സൂറത്തുൽ ബക്വറഃ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽ നിന്ന് ശെയ്ത്വാൻ വിരണ്ടോടുന്നതാണ്. (മുസ്ലിം)

**മൂന്ന രാവുകൾ പിശാച് അടുക്കില്ല.**

عن شداد بن أوس: إنَّ اللهَ كتَبَ كتابًا قبلَ أن يخلقَ السمواتِ والأرضَ بألْفَيْ عامٍ فأنزَلَ منه آيتَيْنِ خَتَمَ بهما سورةَ البقرةِ لا يقرآنِ بدارٍ ثلاثَ ليالٍ فيقربُها شيطانٌ (الشوكاني فتح القدير سنده جيد)

നിശ്ചയം, അല്ലാഹു ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിന്റെ രണ്ടായിരം വർഷം മുമ്പ് ഒരു ഗ്രന്ഥം രേഖപ്പെടുത്തി. അതിൽ നിന്ന് രണ്ടു വചനങ്ങളെ അവൻ അവതരിപ്പിക്കുകയും അവ കൊണ്ട് സൂറത്തുൽബഖറഃ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവ രണ്ടും ഒരു വീട്ടിൽ പാരായണം ചെയ്യപ്പെടുകയാണെങ്കിൽ മൂന്ന രാവുകൾ ആ വീടിനോട് ശെയ്ത്വാൻ അടുക്കുകയില്ല.

**7. വീട്ടിൽ വെച്ച് സുന്നത്തു നമസ്കരിക്കുക**

സൈദ് (റ) വിൽനിന്നും നിവേദനം

عن زيد بن ثابت .فَصَلُّوا أَيُّهَا النَّاسُ فِي بُيُوتِكُمْ فَإِنَّ أَفْضَلَ الصَّلَاةِ صَلَاةُ الْمَرْءِ فِي بَيْتِهِ إِلَّا الْمَكْتُوبَةَ ( البخاري)

വീടുകളെ കബറുകൾ ആക്കരുത്.

ഇബ്നു ഉമർ (റ) വിൽ നിന്നും നിവേദനം

عن عبدالله بن عمر: اجْعَلُوا في بُيُوتِكُمْ مِن صَلاتِكُمْ ولا تَتَّخِذُوها قُبُورًا. (البخاري)
നിങ്ങൾ നിങ്ങളുടെ നമസ്കാരങ്ങൾ വീടുകളിലാക്കുക. നിങ്ങൾ നിങ്ങളുടെ വീടുകളെ ക ബറുകളാക്കരുത്. (ബുഖാരി)

**8. രാത്രിയിൽ ബിസ്മി ചൊല്ലി കതകടക്കുക.**

ജാബിർ (റ) ഉദ്ദരിക്കുന്ന ഹദീസ്.

إِذَا كَانَ جُنْحُ اللَّيْلِ - أَوْ أَمْسَيْتُمْ . وَأَغْلِقُوا الأَبْوَابَ وَاذْكُرُوا اسْمَ اللَّهِ فَإِنَّ الشَّيْطَانَ لاَ يَفْتَحُ بَابًا مُغْلَقًا....(بخاري)
രാത്രിയുടെ തുടക്കമായാൽ അല്ലെങ്കിൽ സന്ധ്യാസമയമായാൽ നിങ്ങൾ വാതിലുകൾ അടക്കു കയും അല്ലാഹുവിന്റെ നാമം സ്മരിക്കുകയും (ബിസ്മി ചൊല്ലുകയും) ചെയ്യുക. കാരണം പിശാച്, (അപ്രകാരം) അടക്കപ്പെട്ടവാതിൽ തുറക്കുകയില്ല.) (ബുഖാരി)

**9. രാത്രിയായാൽ ബിസ്മി ചൊല്ലി വെള്ളപാത്രങ്ങൾ അടക്കുക**

ജാബിർ (റ) വിൽ നിന്നും നിവേദനം.

إِذَا كَانَ جُنْحُ اللَّيْلِ أَوْ أَمْسَيْتُمْ .. وَأَوْكُوا قِرَبَكُمْ وَخَمِّرُوا آنِيَتَكُمْ وَاذْكُرُوا اسْمَ اللَّهِ وَلَوْ أَنْ تَعْرُضُوا عَلَيْهَا شَيْئًا .... (بخاري)
രാത്രിയുടെ തുടക്കമായാൽ അല്ലെങ്കിൽ സന്ധ്യാസമയമായാൽ നിങ്ങളുടെ വെള്ളപ്പാത്രങ്ങൾ നിങ്ങൾ കെട്ടിയിടുകയും നിങ്ങളുടെ പാത്രങ്ങൾക്ക് മുകളിൽ വിലങ്ങനെ വല്ലതും വെച്ചെങ്കിലും നിങ്ങൾ അവ മൂടുകയും അല്ലാഹുവിന്റെ നാമം സ്മരിക്കുകയും (ബിസ്മില്ലചൊല്ലുകയും) ചെയ്യുക.

**10. രാത്രി നമസ്കാരം നിർവഹിക്കുക**

عن أبي سعيد الخدري وأبي هريرة: من استيقظ من اللَّيلِ وأيقظ امرأتَه فصلَّيا ركعتَيْن كُتِبا من الذّاكرين اللهَ كثيرًا والذّاكراتِ (سنن أبي داود)
വല്ലവരും രാത്രി ഉറക്കമുണരുകയും തന്റെ ഇണയെ ഉറക്കിൽ നിന്ന് ഉണർത്തുകയും അവർ രണ്ടു പേരും ഒന്നിച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ, അവർ രണ്ടു പേരും ധാരാളമായി അല്ലാഹുവിനെ ഓർക്കുന്ന പുരുഷന്മാരിലും സ്ത്രീകളിലും രേഖപ്പെടുത്തപ്പെടും.

**11. കുടുംബത്തിൽ നീചവൃത്തി സമ്മതിക്കരുത്**

അബ്ദുല്ലാഹ് ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം. നബി (സ്വ) പറഞ്ഞു;

عن عبدالله بن عمر: ثلاثةٌ قد حرَّمَ اللهُ عليهم الجنةَ مُدمنُ الخمرِ والعاقُّ والدَّيُّوثُ الذي يُقِرُّ في أهلِهِ الخُبْثَ ( شعيب الأرنؤوط)
മൂന്നുകൂട്ടരുടെമേൽ അല്ലാഹു സ്വർഗം ഹറാമാക്കിയിരിക്കുന്നു. മുഴുകുടിയൻ, മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ, സ്വന്തം കുടുംബത്തിൽ വൃത്തികേടിന് സമ്മതം നൽകുന്നവൻ.

**12. വീട്ടിനകത്ത് നായയും ചിത്രവും പാടില്ല**

عن أبي طلحة الأنصاري زيد بن سهل: لا تَدْخُلُ المَلائِكَةُ بَيْتًا فيه كَلْبٌ ولا صُورَةٌ. (البخاري)

അബൂഹുറയ്റ (റ) വിൽ നിന്നും നിവേദനം; നായയോ ചിത്രമോ ഉള്ള വീട്ടിലേക്ക (കാരു ണ്യ ത്തിന്റെ) മലക്കുകൾ പ്രവേശിക്കുകയില്ല. (ബുഖാരി)

**13. വീട്ടിൽനിന്നു തിന്മകൾ ഒഴിവാക്കണം**

ആഇശാ (റ) യിൽ നിന്ന് നിവേദനം:

دَخَلَ عَلَيّ رَسُولُ اللهِ ﷺ وَقَدْ سَتَرْتُ سَهْوَةً لِي بِقِرَامٍ فِيهِ تَمَاثِيلُ، فَلَمّا رَآهُ هَتَكَهُ وَتَلَوّنَ وَجْهُهُ وَقَالَ: يَا عَائِشَةُ أَشَدّ النّاسِ عَذَاباً عِنْدَ اللهِ يَوْمَ القِيَامَةِ، الّذِينَ يُضَاهُونَ بِخَلْقِ اللهِ. قَالَتْ عَائِشَةُ: فَقَطَعْنَاهُ فَجَعَلْنَا مِنْهُ وِسَادَةً أَوْ وِسَادَتَيْنِ. (مسلم)

നബി (സ്വ) എന്റെ അടുക്കൽ പ്രവേശിച്ചു. ഞാൻ രൂപങ്ങളുള്ള ഒരു വിരികൊണ്ട് ജനൽ മറച്ചി രുന്നു. നബി (സ്വ) അതു കണ്ടപ്പോൾ അതു മുറിച്ചിട്ടു. നബി (സ്വ) യുടെ മുഖം നിറം മാറിയിരുന്നു. നബി (സ്വ) പറഞ്ഞു: ആഇശാ, അന്ത്യനാളിൽ കഠിനമായ ശിക്ഷയുള്ളത് അല്ലാഹുവിന്റെ സൃഷ്ടി പ്പിനോട് തുല്യപ്പെടുന്നവർക്കാണ്. ആഇശാ (റ) പറയുന്നു: അപ്പോൾ ഞങ്ങൾ അതിനെ മുറിച്ച് അതിൽ നിന്ന് ഒന്ന് അല്ലെങ്കിൽ രണ്ടു തലയിണകൾ ഉണ്ടാക്കി. (മുസ്ലിം)

- വീട് നിർമ്മിക്കുമ്പോൾ ആളുകൾ ചെയ്തു കൂട്ടുന്ന ധാരാളം തോന്യവാസങ്ങൾ ഉണ്ട്.
- വീട് മത്സരത്തിനു വേണ്ടിയല്ല,,
- കന്നിമൂല നോക്കുന്ന സമ്പ്രദായം – അവിടെ അടുക്കള പറ്റില്ല, ഗൈറ്റ് പൊളിച്ചു മാറ്റുന്നു. അടു ക്കള മാറ്റി സ്ഥാപിക്കുന്നു. ഇതെല്ലാം വിശ്വാസത്തിൽ സംഭവിച്ച അബദ്ധങ്ങൾ കാരണമാ ണ്.

---

റൌദത്തുൽ ഖുത്തബാഉന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറി യിക്കുക.

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.